**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1824** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഡിമെൻഷ്യ സൗഹൃദ കേരളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ ജി സ്റ്റീഫൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൻകീഴിൽ ഡിമെൻഷ്യ കെയറിംഗിനായി പ്രത്യേക സംവിധാനം നിലവിലുണ്ടോ; ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ ഓർമ്മത്തോണി എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശം അറിയിക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഡിമെൻഷ്യ രോഗികളുടെ പരിചരണത്തിനും പുനരധിവാസത്തിനുമായി ARDSI (Alzhimers and Related Disorders Society of India) യുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും, തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ ഓർമ്മത്തോണി എന്ന പേരിൽ പ്രത്യേക പദ്ധതി കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന ഈ വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഡിമെൻഷ്യ, ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായി കൂടി കണ്ടു കൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ/ അൽഷിമേഴ്സ് ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.<br><br>ഈ സാമ്പത്തിക വർഷം ഓർമ്മതോണിയുടെ പ്രവർത്തനങ്ങൾക്കായി 92,12,020/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ 91 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് സ്ക്രീനിങ്, ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ലഭ്യമാക്കുക തുടങ്ങിയ പരിപാടികളാണ് ഈ വർഷം നടപ്പാക്കുന്നത്. സംസ്ഥാനത്ത് ആകമാനം പദ്ധതി പ്രവർത്തനങ്ങൾ 2024 ഏപ്രിൽ മുതൽ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം | (ബി) | ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യം |

| | | | |
|---|---|---|---|
| | ത്വരിതപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; പദ്ധതിയിലൂടെ എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | | കൈവരിക്കുന്നതിന് വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന ഓർമ്മത്തോണി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം ആവശ്യമാണ്. ഈ വർഷം ആദ്യഘട്ടമായി നിലവിൽ വയോമിത്രം പദ്ധതി പ്രവർത്തിക്കുന്ന നഗരപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. 2024 ഏപ്രിൽ മുതൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി ആരംഭിക്കുന്ന നടപടികൾ സ്വീകരിക്കും.പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി വയോമിത്രം ഡോക്ടർമാർ , വയോമിത്രം ജീവനക്കാർ , നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആശാ വർക്കർമാർ എന്നിവർക്ക് ഡിമെൻഷ്യ സംബന്ധമായ പരിശീലനം നല്കുന്നതാണ്. ഓർമ്മത്തോണി പദ്ധതിയുടെ ഭാഗമായുള്ള ഡേ - കെയർ സെന്ററുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം നല്കാൻ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും, തൃശൂർ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തും താല്പര്യം അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി ഡിമെൻഷ്യ കണ്ടെത്തി വിവിധങ്ങളായ പ്രൈമറി, സെക്കന്ററി, ടെറിഷറി പ്രിവൻഷൻ സമീപനങ്ങളിലൂടെ മൈൽഡ് ഡിമെൻഷ്യ അവസ്ഥയിൽ നിന്നും സിവിയർ ഡിമെൻഷ്യ എന്ന അവസ്ഥയിലേക്കുള്ള മാറ്റം നിയന്ത്രിക്കാൻ കഴിയും എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. പ്രാരംഭ ലക്ഷണങ്ങൾ പ്രകടിപ്പിക്കുമ്പോൾ തന്നെ ഡിമെൻഷ്യ കണ്ടെത്തുകയും ഓരോരുത്തരുടെയും ലക്ഷണങ്ങൾ അനുസരിച്ച് അനുയോജ്യമായ ഇടപെടലുകൾ നടത്തുകയും ഇത്തരക്കാരുടെ പരിചരണം സംബന്ധിച്ച് കുടുംബാംഗങ്ങൾക്ക് ആവശ്യമായ അറിവും പരിശീലനവും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ